# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7021 11-7-2014 ൽ മറുപടിക്ക്

## ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 50 വയസ് തികഞ്ഞതും എന്നാൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസാകാത്തതുമായ ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് യോഗ്യതാ ടെസ്റ്റ് പാസാകണം എന്ന നിബന്ധനയിൽ ഇളവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ടെസ്റ്റ് പാസാകണമെന്ന നിബന്ധന എത്ര നാളത്തേയ്ക്കാണ് ഒഴിവാക്കി നൽകിയിരിക്കുന്നത്; | (ബി) 1-3-2014 മുതൽ 6 മാസത്തേയ്ക്കാണ് ഇളവ് അനുവദിച്ചിരിക്കുന്നത്. |
| (സി) 50 വയസ് പൂർത്തിയായിട്ടുള്ള ഹൈസ്കൂൾ അധ്യാപകർക്ക് പ്രൊമോഷൻ നൽകാൻ തീരുമാനിച്ചതിലൂടെ എത്ര അധ്യാപകർക്ക് ഇതിന്റെ ആനുകൂല്യം ഇടുക്കി ജില്ലയിൽ ലഭിക്കും; | (സി) & (ഡി) ഹൈസ്കൂൾ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എന്നിവരുടെ പ്രമോഷൻ ഉത്തരവ് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത ഇളവ് മൂലം ഇടുക്കി ജില്ലയിൽ ആർക്കും ആനുകൂല്യം ലഭിച്ചിട്ടില്ല. |
| (ഡി) പ്രസ്തുത അധ്യാപകർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

നം.

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - 50 വയസ് തികഞ്ഞ ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകരെ ഹെഡ്മാസ്റ്റർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊമോഷൻ ലഭിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ. (കൈയ്യെഴുത്ത്) നം.106/2014/പൊ.വി. തീയതി, തിരുവനന്തപുരം, 13-06-2014.

================================================================

പരാമർശം: 1. 29-4-2003 ലെ ജി.ഒ (ആർ.റ്റി) നം.1627/2003/പൊ.വി. നമ്പർ ഉത്തരവ്.
2. 5-9-2013 ലെ ജി.ഒ (ആർ.റ്റി) നം.3719/2013/പൊ.വി. നമ്പർ ഉത്തരവ്.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28-2-2014 ലെ ഡി6/13741/2014/ ഡി.പി.ഐ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 3-ാം പരാമർശ കത്തിലെ ശുപാർശയനുസരിച്ച് 50 വയസ് തികഞ്ഞ ഗവൺമെന്റ് ഹൈസ്കൂൾ അദ്ധ്യാപകരെ ഹെഡ്മാസ്റ്റർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊമോഷൻ ലഭിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയിൽ നിന്നും 1-3-2014 മുതൽ 6 മാസത്തേയ്ക്ക് കൂടി ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി
(സെക്രട്ടറി ഇൻ-ചാർജ്ജ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി@സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പൊതുഭരണ (എസ്.സി) വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (13239/സി2/2014/പൊ.വി)

3.

ഉത്തരവിൻ പ്രകാരം

4.

സെക്ഷൻ ഓഫീസർ